**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1581** **31.01.2018 ൽ മറുപടിയ്ക്ക്**

## സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽ നടന്ന അഴിമതി

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽ നടന്ന വ്യാപകമായ അഴിമതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | എ)<br>&<br>ബി) | കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷനിൽ നടന്ന വിവിധ ക്രമക്കേടുകളെ സംബന്ധിച്ച് വ്യാപകമായ പരാതി ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്രമക്കേടുകളെ സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് കൃഷി വകുപ്പ് ഡയറക്ടറിന് കീഴിലുള്ള സ്പെഷ്യൽ വിജിലൻസ് സെല്ലിനെ ചുമതലപ്പെടുത്തിയിരുന്നു. വിജിലൻസ് സെൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടേയും, SHM ഡയറക്ടറുടേയും, കാർഷിക സർവ്വകലാശാല രജിസ്ട്രാറുടേയും അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ഇതു കിട്ടിയാലുടൻ വകുപ്പു തലത്തിൽ കർശന നടപടികൾ എടുക്കുന്നതാണ്. സ്പെഷ്യൽ വിജിലൻസ് സെല്ലിന്റെ റിപ്പോർട്ടിൽ സ്വകാര്യ ഏജൻസികൾ കൂടി ഉൾപ്പെട്ട ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തുന്നതിന് പരിമിതികൾ ഉള്ളതിനാലും കണ്ടെത്തിയ ക്രമക്കേടുകളുടെ സാമ്പത്തിക അഴിമതികളുടെ ഗൗരവവും കണക്കിലെടുത്തും ക്രമക്കേടുകൾ സംബന്ധിച്ച് പോലീസ് വിജിലൻസിനെ കൊണ്ട് അന്വേഷിപ്പിക്കുന്നതിനായി ഫയൽ വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. |

Mayal

**സെക്ഷൻ ഓഫീസർ**